ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തികമായ പരിമിതിമൂലം കെട്ടിടം പണി തുടങ്ങാൻ സാധിച്ചില്ല.

(സി) ഇതിനാവശ്യമായ പണം ലഭിക്കുന്നതനുസരിച്ച് കെട്ടിടം പണി തുടങ്ങുന്നതാണ്.

സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ എച്ച്. ആർ. എ.

1364. [1953] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ :
,, കെ. പി. എ. മജീദ് :
,, പി. കെ. കെ. ബാവ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻമാർ എണ്ണത്ത് ലീവ് സറണ്ടർ ചെയ്യുമ്പോൾ എച്ച്. ആർ. എ. നൽകാതിരിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കാൻ ഗവൺമെൻറ് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) . ഉണ്ട്.

(ബി) സർക്കാർ ക്വാർട്ടേഴ്സ് ലഭിച്ചിട്ടുള്ളവർക്ക് എച്ച്. ആർ. എ. ക്ക് അർഹതയില്ല. ഇത് ലീവ് സറണ്ടറിനും ബാധകമാണ്. സർക്കാർ ക്വാർട്ടേഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള വാടക താരതമ്യേന കുറവാണ്. വീട്ടുവാടക അലവൻസ് നൽകാതിരിക്കുന്നത് ഈ ആനുകൂല്യവും മറ്റും പരിഗണിച്ചാണ്. ഈ പരിതസ്ഥിതിയിൽ ഇതൊഴിവാക്കാൻ നടപടികൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

റൻറൽ സ്കീം അനുസരിച്ചുള്ള ക്വാർട്ടേഴ്സ്

1365. [1954] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂജപ്പുരയിൽ റൻറൽ സ്കീം അനുസരിച്ചുള്ള എത്ര ക്വാർട്ടേഴ്സുകളാണ് പണിയുന്നത്, അവയിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട് ;

(ബി) പൂർത്തിയായിട്ടുള്ളവയിൽ എത്രയെണ്ണം അലോട്ടു ചെയ്തുകൊടുത്തിട്ടുണ്ട് ; അലോട്ടുമെൻറു കിട്ടിയവരുടെ പേരുവിവരം വ്യക്തമാക്കാമോ ;

(സി) ഹരിജന പ്രാതിനിധ്യം അലോട്ടുമെൻറിൽ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകിയെന്നു വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇനി നടക്കുന്ന അലോട്ടുമെൻറുകളിൽ കുറവുകൾ കൂടെ പരിഗണിച്ച് പ്രാതിനിധ്യം ശരിക്കും പാലിക്കുവാൻ ശ്രദ്ധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly